# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
നം.കെ.എസ്.എ.എം.പി.എം.24/590/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/04/2023
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ:
നം.കെ.എസ്.എ.എം.പി.എം.24/590/2023

തീയ്യതി: 05/04/2023

## മലപ്പുറം ജില്ലയിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-05-2022 മുതൽ 24-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 25-03-2023 | 31-03-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-03-2023 | 31-03-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ ഗഫൂർ.സി ഓഡിറ്റ് ഓഫീസർ
ശ്രീമതി.അസീന എ.പി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ.കെ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.മുഹമ്മദ് നൗഷാദ് എ.കെ ഓഡിറ്റർ
ശ്രീമതി.സക്കീന .കെ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഹുസൈൻ.കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീ (( |
|---|---|---|---|
| ശ്രീ. അനീഷ്.കെ, | അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 01-04-2021 | 0 |
| | | 26-05-2021 | 0 |
| ശ്രീ.രാജേഷ്.എം | സെക്രട്ടറി | 07-04-2021 | 1 |
| | | 05-06-2021 | 3 |
| ശ്രീ.സുനിൽ.എച്ച്.കെ | ജൂനിയർ സൂപ്രണ്ട്(സെക്രട്ടറി-ഇൻ-ചാർജ്ജ്) | 19-05-2021 | 2 |
| ശ്രീമതി.രഞ്ജിത.പി | കൃഷി ഓഫീസർ | 01-04-2021 | 2 |
| ശ്രീ.ഉണ്ണികൃഷ്ണൻ.ആർ | കൃഷി ഓഫീസർ | 26-08-2021 | 3 |
| ഡോ.ശരണ്യ കെ.എസ് | വെറ്ററിനറി സർജൻ | 01-04-2021 | 2 |
| ഡോ.ബസീല മോൾ ബി.എ | വെറ്ററിനറി സർജൻ | 30-11-2021 | 3 |
| സരസ്വതി,കെ,കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 3 |
| ശ്രീമതി ഗീത | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 3 |
| ശ്രീ.അനീഷ് .കെ | അസിസ്ററന്റ് സെക്രട്ടരി | 01-04-2021 | 0 |
| ആനന്ദൻ കെ.സി | ഹെഡ്ക്ലർക്ക് (അസിസ്റ്റന്റ്സെക്രട്ടറി-ഇൻ-ചാർജ്ജ്) | 10-07-2021 | 2 |
| നജീബ് .കെ | അസിസ്ററന്റ് സെക്രട്ടരി | 22-07-2021 | 3 |
| ഡോ.അനുപമ വി.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 1 |
| | | 18-06-2021 | 3 |

| | | | |
|---|---|---|---|
| ഡോ.സുബിൻ.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 20-04-2021 | 1 |
| ഡോ.ഫാത്തിമ.എം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 3 |
| ശ്രീ.ശ്രീജിത്ത് കെ | വി.ഇ.ഒ | 01-04-2021 | 3 |
| ശ്രീ.അനിൽകുമർ ചോലാട്ട് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 3 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം. | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക പരിശോധന-അപാകതകൾ. | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12 |
| 13 | വസ്തുനികുതി കുറവായി ഈടാക്കി | 1-13 |
| 14 | ഉപയോഗക്രമം പരിശോധിക്കാതെ വ്യാപാര ലൈസൻസ് അനുവദിച്ചു | 1-14 |
| 15 | മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണയിച്ചതിൽ അപാകത | 1-15 |
| 16 | വസ്തു നികുതി - സ്റ്റെയർ ഏരിയക്ക് നികുതി നിർണ്ണയിച്ചില്ല | 1-16-1 |
| 17 | വസ്തു നികുതി - ടോയ്‌ലറ്റ് ഭാഗത്തിന് നികുതി നിർണ്ണയിച്ചില്ല | 1-16 |
| 18 | വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്/ നമ്പറിംഗ് - അപാകതകൾ | 1-17 |
| 19 | ഐ.സി.ഡി.എസ് -ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകത | 1-18 |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മേശയും കസേരയും നൽകൽ പദ്ധതി-അപാകതകൾ. | 1-19 |
| 21 | ഹരിതകർമ്മസേന-പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്. | 1-20 |

| | | |
|---|---|---|
| 22 | പരിരക്ഷ നേഴ്സിന് പ്രതിമാസ ഇൻസെൻ്റീവ് അധികം അനുവദിച്ചു | 1-21 |
| 23 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-22 |
| 24 | മുൻകൂർ തുക നൽകിയിട്ടും ലാപ്ടോപ്പ് , പ്രിൻ്റർ ലഭ്യമായില്ല | 1-23 |
| 25 | സപ്ലിമെൻ്ററി ന്യൂട്രിഷൻ പ്രോഗ്രാം- പൊതു അപാകതകൾ | 1-24 |
| 26 | ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം - അപാകതകൾ | 1-25 |
| 27 | IT ഈടാക്കിയില്ല | 1-26 |
| 28 | ജനനി പദ്ധതി- മുൻകൂർ തുക നൽകി- ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമായിട്ടില്ല | 1-27 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല | 1-28 |
| 30 | കോക്ലിയാർ ഇംപ്ലാൻ്റുകളുടെ മെയിൻ്റനൻസ് - സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് തുക അടവാക്കി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-29 |
| 31 | തെരുവ് വിളക്ക് റിപ്പയർ- അപാകതകൾ | 1-30 |
| 32 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-31 |
| 33 | സ്കൂളുകൾക്ക് കായികോപകരണങ്ങൾ - വിതരണത്തിലെ അപാകതകൾ | 1-32 |
| 34 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ പദ്ധതി-അപാകതകൾ. | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിൻ്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോക

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ ഭരണസമിതി തീരുമാനം നമ്പർ/ തിയ്യതി | തീരു |
|---|---|
| 26.02.21ലെ 1(1) നമ്പർ തീരുമാനം | 05 |

കുറിപ്പ്: 2021-22 ലെ പുതുക്കിയ ബജറ്റ് 14.03.2022 ലെ 1൦ നമ്പർ ധനകാര്യ
ആയത് ഭരണസമിതി അംഗീകരിച്ചിട്ടുള്ളത് സാമ്പത്തിക വർഷത്തിന്

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച |
|---|---|
| 31.07.2022 | 29.07.20 |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 755 |
| വരവ് | 110 |
| ആകെ | 118 |
| ചെലവ് | 952 |
| നീക്കിയിരിപ്പ് | 232 |

## 1-4 ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആ |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17238799 | 172 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 4866518 | 486 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 14813000 | 148 |

| | | | |
|---|---|---|---|
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 6677609 | 667 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 7227556 | 722 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 3840944 | 384 |
| ബി ഫണ്ട് | 0 | 65380260 | 653 |

**1-4(1)ഗ്രാന്റ് സ്റ്റേറ്റ്മന്റ് പരിശോധന-അപാകതകൾ.**

1)ചുവടെ ചേർത്ത ഫണ്ടുകൾ വരവ് തുക വാർഷിക കണക്ക്/എ.സി ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | വാർഷിക കണക്ക്(RP7), എ.സി.ആർ. |
|---|---|
| വികസന ഫണ്ട് ജനറൽ | 17238799 |
| വികസന ഫണ്ട് SCP | 4498334 |

2) CSS, SSS എന്നീ ഗ്രാന്റുകളിൽ വരവില്ല. എന്നാൽ ചുവടെ ചേർത രേഖപ്പെടുത്തിക്കാണുന്നു.

| ഗ്രാന്റ് | ചെലവ് | നീക |
|---|---|---|
| CSS | 4159969 | -4 |
| SSS | 3100000 | -3 |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.21/2021-22/30.03.2023 ൽ സൂചിപ്പിച്ചത മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമാ നടപ്പാക്ക (എണ്ണം) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 232 | 96238803 | 205 | 75731108 | 0 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആ |
|---|---|---|---|
| ഭരണ ചെലവുകൾ | 34897 | 384181 | 419078 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 15227217 | 152272 |

## 1-7 ക്ഷേമ പദ്ധതികൾ

| ഇനം | ചെലവഴിച്ച തുക | ( |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3064400 | 1 |
| വിധവാപെൻഷൻ | 22002100 | 1 |
| വാർദ്ധക്യകാല പെൻഷൻ | 31547100 | 1 |
| ഭിന്നശേഷി പെൻഷൻ | 7746500 | 4 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 959200 | 6 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |
| തൊഴിൽരഹിത വേതനം | 960 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമു എ.എം. ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഓരോ പ്രോജക്റ്റുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പു ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുകയും ചെയ്യേ പദ്ധതി ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ഇത്തരത്തിൽ മോണിറ്റ
2) തെരുവ് വിളക്കുകളുടെ പരിപാലവും മോണിറ്ററിംഗും കാര്യക്ഷമമ വിളക്കുകളുടെ എണ്ണം കണക്കാക്കി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ( പദ്ധതി പ്രകാരം നടന്നു വരുന്നുണ്ടെങ്കിലും ആയത് നിരീക്ഷിക്കുന്നത രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3) സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തി ആസ്തി രജിസ്റ്റർ ക
വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ റ
സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ
രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓ കാല |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.12.2022 | 8 /22 മ 12/22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.06.2016-15.06.2016 | 2011-2 201 |

## 1-11 വാർഷിക ധനകാര്യ പത്രിക പരിശോധന-അപാ

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷികകണക്ക് പരിശേ
ചേർക്കുന്നു.

1) ഓഡിറ്റ് റിക്കവറി ഇനത്തിൽ 798/-രൂപ വരവുള്ളതായി വാർഷിക
ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ട
തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

2) ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി

2) ലഭ്യമാക്കിയ ബാങ്ക് റിക്കൺസിലേഷൻ പത്രിക പ്രകാരം 15th CFC G
നീക്കിയിരിപ്പ് 1538304 രൂപയാണ്. എന്നാൽ RP 40(B) പ്രകാരം 1274354 രൂപ

3) സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ
രജിസറ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയി

4) വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം
എന്നാൽ ഇത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) വസ്തു നികുതി-വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും
തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | |
|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | സഞ്ചയപത്രിക പ്രകാരം | വാർഷികകണക്ക് പ്രകാരം | സ പ്ര |

| | | | | |
|---|---|---|---|---|
| തൻവർഷം | 5310614 | 5310614 | 5266119 | 530 |
| കുടിശ്ശിക | 665878 | 759085 | 759085 | 761 |

6) Other Rent ഇനത്തിൽ RP3 പ്രകാരം 15120 രൂപ വരവുണ്ട്. തുകയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല.

7) B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്കായുള്ള വിഹിര എന്നാൽ B17, Rp40(B) എന്നിവ പ്രകാരം ഈ ഉദ്ദേശത്തിനായുള്ള നീക്കിയിരിപ്പ്. ടി ബാങ്ക് അക്കൗണ്ട് നിലവിൽ ക്ലോസ് ചെയ്തിട്ടുമില്ല.

8) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള ICDS, SSA, PYCKA എന്നീ സ്പെസിഫിക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയവക്ക് ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.21/2021-22/30.03.2023 ന് മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല.

1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം തൊഴിൽ നികുതി കൊടുക്കുന്നതിന് ബാധ്യസ്ഥനാണെങ്കിര ആവശ്യപ്പെടാവുന്നതും ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ വ്യാപാര ലൈസൻസ് അപേക്ഷകൾ പ അപേക്ഷയിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാ ചെയ്തതായോ സ്ഥാപനം ആയവ സമർപ്പിച്ചു വരുമാനത്തിനസരിച്ച് കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ലൈസൻസ് നമ്പർ | സമർപ്പ അപേക്ഷ ജീവന എണ്ണം |
|---|---|---|---|
| 1 | നിഷമത്ത് പ്ലൈ അസ്സോസിയേറ്റ് | 128 | 11 |
| 2 | പാണക്കാട് ഓട്ടോസർവ്വീസസ് | 2 | 4 |
| 3 | റോയൽ ഹോളോബ്രിക്സ് | 47 | 4 |
| 4 | കടൂർ JCB | 50 | 28 |
| 5 | KAT LABMODULAR INFRATECH LLP | 57 | 4 |
| 6 | വിക്കി ഫാബ് മോഡുലാർ സൊല്യൂഷൻസ് | 58 | 4 |

| | | | |
|---|---|---|---|
| 7 | വിമാസ് ഇൻഡസ്ട്രിയൽ | 212 | 10 |
| 8 | മലബാർ മെറ്റൽ | 276 | 5 |
| 9 | ന്യൂ വി കെ മെറ്റൽ ഇന്ററസ്ട്രീസ് | 278 | 9 |

മേൽ പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. [ഓഡിറ്റ് എൻക ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടിക

## 1-13 വസ്തുനികുതി കുറവായി ഈടാക്കി

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയിച്ച് നമ്പ 22)പരിശോധിച്ചതിൽ ശ്രീ. അബ്ദുൽ അസീസ്, കൂരിമണ്ണിൽ എന്ന കെ സ്ഥലത്ത് നിർമ്മിച്ച ലോഡ്ജ്-വാണിജ്യ കെട്ടിടത്തിന് നികുതി നിർ വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ത്തിന്റെ തരം | നികുതി നിർണ്ണയിച്ച തറവിസ്തീർണ്ണം (M2) | നികുതി നിർണ്ണയിക്കേണ്ട തറവിസ്തീർണ്ണം (M2) | അനുവദിച്ച കെട്ടിട നമ്പർ | ഈട നി |
|---|---|---|---|---|
| വാണിജ്യം | 116.88 M2 | GROUND FLOOR =116.75m2<br>FIRST FLOOR =116.75m2<br>STAIR ROOM=14.75<br>TOTAL=248.25 | 7/516 A,B,C,E (4*19.45 =77.8ചമീ)<br>7/516 F,H (2*19.54=39.08ചമീ)<br>TOTAL=116.88ചമീ | (248.25*<br>20% വർ<br>=7447.5+<br>=8937+4<br>=9382 |
| ലോഡ്ജ് | | GROUND FLOOR= 173.36 M2<br>FIRST FLOOR= 173.36<br>TOTAL= 346.72m2 | 7/516 J=21.9ചമീ<br>7/516 K,L,M,N,P =19.45*5=97.25ചമീ<br>7/516Q,R,T,U,V,W =57.78*6 =346.68ചമീ<br>ആകെ=465.83ചമീ | (346.68*<br>വർദ്ധന<br>1386.72<br>=8320+4<br>=8736 |

മേൽ അപാകത മൂലം വസ്തുനികുതി ഇനത്തിൽ ആകെ (4963-3003) ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/28.03.23) വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 ഉപയോഗക്രമം പരിശോധിക്കാതെ വ്യാപാര ലൈ

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലേ ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിക്ക റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ലൈസൻസ് അനുവദിക്കുമ്പോൾ ഗ്ര നിർണ്ണയിച്ച അതേ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് തന്നെയ പ്രത്യേകം പരിശോധിക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പാർപ്പിട കെട്ടിടങ്ങളിലും,ഓഫീസ് ലൈസൻസ് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ | കെട്ടിട നമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനം |
|---|---|---|---|
| 1 | 263 | 3/346 | ഹൈഗ്ലോസ് ഫർണ്ണിച്ചർ |
| 2 | 242 | 2/539 | ചെമ്പോട്ട് ഫർണ്ണിച്ചർ |
| 3 | 221 | 4/424 | സ്നേഹ തീരം,മല്ലബാർ ഫുഡ് പ്രോഡക്ട ഫ്ലോർമിൽ |
| 4 | 211 | 2/476 | ഇലാജ് ഹെർബൽ ആയുർവേദിക് മരുന്ന് നിർമ്മാണം |
| 5 | 189 | 7/114 | ഗോ ഡൗൺ ആയി ഉപയോഗിക്കുന്നതിന് |
| 6 | 70 | 3/320 A മുതൽ Fവരെ | പാർമിലി മാർട്ട്, സൂപ്പർ മാർക്കറ്റ് |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/29-3- വിശദീകരണം ലഭ്യമാക്കേണ്ടതും ടി സ്ഥാപനങ്ങളുടെ കെട്ടിടം സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണയ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.2.2022ലെ ആർ.ടി 3/94/2020/ത ടവറുകളുടെ ടവറിന്റെ തറവിസ്തീർണം + ജനറേറ്റർ + മറ്റ് അനുബ വിസ്തീർണം എന്നതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാ എന്നാൽ ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഇൻഡസ് ടവേഴ്സിന് അപേക്ഷകൾ പ്രകാരം വസ്തുനികുതി നിർണയിച്ച് തറവിസ്തീർണം,ഷെൽട്ടർ(12.65ചമീ),DG റൂം(4.5 ചമീ)എന്നിവയുടെ തറ പരിഗണിച്ചിട്ടില്ല. ഇൻഡസ് ടവേഴ്സ് മൊബൈൽ ടവറുകളുടെ നമ്പറിങ്ങ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | A3/ 21 |
| പെർമിറ്റ് നമ്പർ | A3/. |
| വില്ലേജ് | കൂ |
| ഒക്ക്യുപ്പൻസി അനുവദിച്ച തീയ്യതി | 27- |
| സർവ്വെ നമ്പർ | 76/4 |
| നികുതി നിർണയത്തിന് പരിഗണിച്ച വിസ്തീർണം | 10.5 |
| അനുവദിച്ച നമ്പർ | 12/4 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് ടവറിന്റെ വസ്തുനികുതി സർക്കാർ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16-1 വസ്തു നികുതി - സ്റ്റെയർ ഏരിയക്ക് നികുതി നി

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയിച്ച് നമ്പറിംഗി കെട്ടിടത്തിന്റെ സ്റ്റെയർ ഏരിയക്ക് വസ്തു നികുതി ചുമത്തിയി ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | A3/249 |
| കെട്ടിട ഉടമ | ശ്രീ. |
| സർവ്വെ നമ്പർ | 128/6- |
| റെഗുലറൈസേഷൻ തീയ്യതി | 16-4-2 |
| ഉപയോഗക്രമം | വാണ |
| പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | GF-98.<br>FF-117<br>SF-14.<br>Total- |
| വസ്തു നികുതി നിർണ്ണയിച്ച വിസ്തീർണ്ണം | 215.31 |
| അനുവദിച്ച കെട്ടിട നമ്പർ | 18/93A<br>18/93A<br>F,G,H,<br>Total-2 |

| | |
|---|---|
| വസ്തു നികുതിയിനത്തിൽ കുറവ് വന്ന തുക | =(229.<br>വർദ്ധ<br>= 436.8 |

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ പ്രകാരം ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് എന്ന് വ്യക്തമാക്കി

കെട്ടിടത്തിന്റെ മുഴുവൻ തറവിസ്തീർണ്ണത്തിനും വസ്തുനികുത ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/29.0 കണക്കാക്കുമ്പോൾ ചട്ടപ്രകാരം ആവശ്യമായ കെട്ടിടത്തിന്റെ എ ഉറപ്പുവരുത്തേണ്ടതും തെറ്റായ നികുതി നിർണ്ണയംമൂലം നാളിതുവര ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടത

## 1-16 വസ്തു നികുതി - ടോയ്‌ലറ്റ് ഭാഗത്തിന് നികുതി നി

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയിച്ച് നമ്പറിം കെട്ടിടത്തിന്റെ ടോയ്‌ലറ്റ് ബ്ലോക്കിന്റെ തറ വിസ്തീർണ്ണത്തിന് വ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | A3/: |
| കെട്ടിട ഉടമ | ശ്<br>കര |
| സർവ്വെ നമ്പർ | 75/2 |
| റെഗുലറൈസേഷൻ തീയ്യതി | 15-1 |
| ഉപയോഗക്രമം | വാ |
| പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | GF-<br>TOI<br>Tota |
| വസ്തു നികുതി നിർണ്ണയിച്ച വിസ്തീർണ്ണം | 93.2 |
| അനുവദിച്ച കെട്ടിട നമ്പർ | 14/1<br>A-1<br>B,C<br>D-1<br>E-3<br>Tota |

| | |
|---|---|
| | |
| വസ്തു നികുതിയിൽ കുറവ് വന്ന തുക | = (1<br>(മേ<br>= 25<br>25.5 |

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികതിയും സേവന ഉപനി
പ്രകാരം ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപ
ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങള
ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് എന്ന് വ്യക്തമാക്കി

കെട്ടിടത്തിന്റെ മുഴുവൻ തറവിസ്തീർണ്ണത്തിനും വസ്തുനികുത
ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/29.0
കണക്കാക്കുമ്പോൾ ചട്ടപ്രകാരം ആവശ്യമായ കെട്ടിടത്തിന്റെ എ
ഉറപ്പുവരുത്തേണ്ടതും തെറ്റായ നികുതി നിർണ്ണയം മൂലം നാളിതുവര
ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ട

## 1-17 വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്/നമ

2021-22ൽ പെർമിറ്റ് അനുവദിച്ച/നമ്പർ അനുവദിച്ച വാർത്താ വിനിമയ
കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ് നം/ തിയതി, പെർമിറ്റ് നേടിയ സ്ഥാപനം/ വ്യക്തി | ഈടാക്കിയ പെർമിറ്റ് ഫീസ്, രസീത് നം. | ക |
|---|---|---|---|
| 1 | A3/245/20/04.02.2020, ഇൻഡസ് ടവേഴ്സ്-കൊച്ചി | 10000/-, 119040108545/04.02.2020 | പെർമി<br>പൂർത്ത<br>20.03.21<br>അപേക<br>ടവറിന്<br>അനുവ<br>നിർണ്ണ<br>ചുവടെ |

| | | | | |
|---|---|---|---|---|
| | | | | പെർമി<br>ആണ്.<br>ഇൻവാ<br>1907/21/2<br>അപേക<br>ഇൻവാ<br>തിയത്<br>പെർമി<br>ശേഷമ<br>അറിയ<br>അവസ<br>പുതുക്ക<br>കാലാ<br>മുൻപ്<br>പുതുക്ക<br>പ്രകാര<br>തുക<br>എന്നാ<br>പെർമി<br>സംഗത<br>രീതിയ<br>ക്രമവ<br>ഈടാക<br>നമ്പർ |
| | 2 | A3/2042/21/29.04.21,<br>സമ്മിറ്റ് ഡിജിറ്റൽ | 10000/-,<br>121040400003/29.04.2021. | പെർമി<br>അവസ |

| | | | | |
|---|---|---|---|---|
| | | ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | | പെർമി<br>ഇല്ല.<br>ഗ്രാമപ<br>സാന്നി<br>പരിശേ<br>വിവര<br>പരിശേ<br>പരിശേ<br>സമ്മത്<br>സാക്ഷ്യ<br>A)ഈ<br>നിലവി<br>B)ടവറി<br>ജനറേറ്റ<br>പ്രവർ<br>C) ടവറ്<br>ചട്ടപ്രക<br>സ്ഥാപി<br>നമ്പർ<br>ഇല്ലാ<br>അവസ<br>പെർമി<br>പെർമി<br>ഇല്ലാ<br>തുടർന<br>അനധി<br>വാർത്ത |

| | | | | |
|---|---|---|---|---|
| | | | | ഗോപു<br>നടപടി<br>ഇത്തര<br>കണ്ടെ<br>നടപടി<br>ചെയ്തിട്ട<br>ലഭ്യമാ<br>ചട്ടപ്രക<br>ഫീസു |
| | 3 | A3/4369/21/28.12.21,<br>സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 10000/-,<br>121030400011/28.12.21 | I) പെ<br>അവസ<br>പെർമി<br>കാണു<br>31.03.202<br>ഉദ്യോഗ<br>സ്ഥലം<br>കണ്ടെ<br>ചേർക്ക<br>സ്ഥല<br>സെക്ര<br>സാക്ഷ<br>A)ഈ<br>നിലവി<br>B)ടവറി<br>ജനറേറ്റ<br>പ്രവർ |

| | | | | |
|---|---|---|---|---|
| | | | | C) ടവ<br>നടന്ന് റ<br>ടി ടവ<br>കാലാവ<br>അപേ<br>ഉൾപ്പെ<br>പരിഹ<br>ഗ്രാമപ<br>ഹാജര<br>കെട്ടിട<br>എന്നിവ<br>എന്നുള<br>വിരുദ്ധ<br>ലഭ്യമാ<br>തുടങ്ങ<br>പരിഗ<br>നടപടി<br>ഈടാ<br>II) ടവ<br>KSEB യ<br>പോകു<br>സ്പഷ്ടീക<br>Mundupa<br>14.12.216<br>Malappur<br>നമ്പർ<br>ടെലി |

| | | | | |
|---|---|---|---|---|
| | | | | നിർമ്മാ<br>ജില്ലാ<br>അപേക്ഷ<br>ലഭ്യമാ<br>നിർദ്ദേ<br>നടപടി<br>പെർമി |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനിക നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അനധികൃത ന നിരക്കിൽ വസ്തുനികുതി ഈടാക്കണമെന്ന് നിർദേശിക്കുന്നുണ്ട് പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്ത ആ അർദ്ധവർഷാരംഭം മുതൽ വസ്തു നികുതി നൽകാൻ കെട്ടിട വ്യക്തമാക്കുന്നുണ്ട്.

മേൽ പട്ടികയിലെ ക്രമ നം2,3 നിർമ്മാണങ്ങൾ എന്നു മുതലാണ് പ്ര മുതലുള്ള വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്ക കെട്ടിടങ്ങളായാൽ നിയമപ്രകാരമുള്ള നികുതിക്ക് പുറമെ അതിന്റെ ചെയ്തിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 27/2021-22/31.03.2023ന് മറുപട ലഭ്യമാക്കേണ്ടതും നടപടികൾ സ്വീകരിച്ച് ചട്ടപ്രകാരമുള്ള ക്രമവൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നിയമ ലംഘനം ശ്രദ്ധയിൽ സ്വീകരിക്കാത്ത പക്ഷം ബാധ്യതകൾ നിലവിലെ ഉത്തരവാദപ്പെട്ട ഉദ്യോ

## 1-18 ഐ.സി.ഡി.എസ് -ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അ

ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ക്യാഷ് ബുക്ക് സൂക്ഷിപ്പിൽ കണ്ട

1. ക്യാഷ് ബുക്കിൽ പേജിൽ സ്ഥലമുണ്ടായിരിക്കെ ഒരേ ദിവസത്തെ ട്രാ

ഉദാ:- 23.03.2022 മാറിയ തുകകൾ പേജ് നമ്പർ 20, 22 എന്നിവിടങ്ങളിൽ രേ

2. ക്യാഷ് ബുക്കിൽ തിയ്യതി വെച്ചുള്ള ട്രാൻസാക്ഷൻസ് എഴുതുന്നതിൽ

ഉദാ:- 30.03.2022 ലെ ട്രാൻസാക്ഷൻ രേഖപ്പെടുത്തിയ ശേഷം 23.03.2022 ലെ

3. ക്യാഷ്ബുക്കിൽ ദിനേന, മാസാന്ത്യ, വർഷാന്ത്യ ക്ലോസ്സിംഗുകൾ രേഖ

4. ക്യാഷ്ബുക്കിൽ പേജ് നമ്പർ രേഖപ്പെടുത്തി ആധികാരികമാക്കിയിട്ട മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ല ലഭ്യമാക്കേണ്ടതാണ്.

## 1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മേശയും ക
## അപാകതകൾ.

പദ്ധതി നം. : 129/2021-22 SO
നിർവ്വഹണം : അസി.സെക്രട്ടറി
അടങ്കൽ : 160230/-വികസന ഫണ്ട് SCP
ചെലവ് : 138992/-
ബിൽ നം. : 01/09-06-2021

അസി. സെക്രട്ടറി 2020-21 ൽ നിർവ്വഹണം നിർവ്വഹണം നട വിദ്യാർത്ഥികൾക്ക് 12.10.2020ലെ A2.4871/2019(2) നമ്പർ ടെണ്ടർ മു ചെയ്യുന്നതിന്റെ ഭാഗമായി ടെണ്ടർ ക്ഷണിക്കുകയും കസേരക്ക് കുറ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 68 കസേരകൾ ടി സ്ഥ ഗുണഭോക്താക്കളുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

മേശക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ KP ഫർണ്ണിച്ചർ കോഴിക്കേ 10.01.2021ന് മുൻപായി മേശകൾ വിതരണം ചെയ്യാനാവശ്യപ്പെട്ട് 30.01.21ന യഥാസമയം മേശകൾ വിതരണം ചെയ്യാത്തതിനാൽ ആയവ തെരെ 29.03.21ന് എ2.4871/2019 നമ്പർ കത്ത് ടി സ്ഥാപനത്തിന് നൽകുകയാണ് ച

മേൽ പദ്ധതിയുടെ തുടർച്ചയായി മേശകൾ വിതരണം ചെയ്യുന്നതിന നമ്പർ സ്പിൽഓവർ പദ്ധതി നടപ്പിലാക്കിയത്. മുൻവർഷം നടത്തിയ എന്ന സ്ഥാപനത്തിന് , 121/19-04-21 നമ്പർ ഇൻവോയ്സിന്റെ അടിസ്ഥാന മേശകൾക്ക് ആകെ 138992/- രൂപ മേൽ ബിൽ പ്രകാരം അനുവദിച്ച് ചേർക്കുന്നു.

1) ടെണ്ടർ തുറക്കുന്ന സമയത്ത് ആയവ തുറക്കുന്ന ക്രമത്തിൽ ടെണ്ട തയ്യാറാക്കിയിട്ടില്ല.

2) മേശകൾ വിതരണം ചെയ്തത് സംബന്ധിച്ച് സ്ഥാപനത്തിന്റെ ഡെല കൈപ്പറ്റുകളോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ മേശക വിതരണം ചെയ്തത് എന്നതും വ്യക്തമല്ല.

3) സ്ഥാപനത്തിന്റെ 28.10.2020ലെ ടെണ്ടർ പ്രകാരം 36x24x30 Powder Coa ഒന്നിന് 2044 രൂപ നിരക്കാണ് രേഖപ്പെടുത്തിയത്. ഫയലിൽ ലഭ്യമാക യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ല. ടെണ്ടർ അംഗീക ലംഘനത്തിൻമേലുള്ള നിയമ നടപടികളും ഒരു എഗ്രിമെന്റിൽ ഗുണനിലവാരം, വാറണ്ടി, വിതരണം തുടങ്ങിയവ സംബന്ധിച്ച നിബന

4) വാറണ്ടി ഉറപ്പ് വരുത്തുന്നതിന് കരാറിൽ രേഖപ്പെടുത്തൽ ഇല്ലാത്ത വാറണ്ടി സ്ലിപ്പോ മറ്റോ നൽകാത്തതിനാലും, വിതരണം ചെയ്ത ശേഷ സംഭവിക്കുന്ന മുറക്ക് ഗുണഭോക്താക്കൾക്ക് വാറണ്ടി ലഭ്യമാവാതെ വ

5) ടെണ്ടർ നോട്ടീസിലെ നിബന്ധനകൾ പ്രകാരം സപ്ലേ ഓർഡർ ന സാധനം വിതരണം ചെയ്യേണ്ടതായിരുന്നു. ആയത് പാലിക്കാതിരുന്നി ചെയ്യാനാവശ്യപ്പെട്ട് 29.03.21ന് ആണ് പിന്നീട് കത്ത് നൽകിയത്. യഥാ ടി പദ്ധതി സ്പിൽ ഓവറായി 2021-22ലേക്ക് വരാൻ കാരണം എന്ന് കാ തുക ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്തത്.

6) ടെണ്ടർ ദൃഢത കാലം 5 മാസമായിരുന്നു ടെണ്ടർ നോട്ടീസിൽ രേഖ വർഷത്തെ പദ്ധതിയായിരുന്നിട്ടും പുതിയ ടെണ്ടർ വിളിക്കാതെ കാ സപ്ലേ ഓർഡർ നൽകിയത്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 01/2021-22/28.03.2023ന് നിർവ്വഹണ ഉ ഹാജരാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ഹരിതകർമ്മസേന-പ്രവർത്തനം ശക്തിപ്പെടുത്

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്ത കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കർമ്മസേനയുടെ ലക്ഷ്യം. വെള്ളം, വൃത്തി വിളവ് എന്നീ മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മു കുടുംബശ്രീമിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഉറവിട മാ സഹായകമാവുന്ന തൊഴിലുറപ്പ് മിഷൻ, കേരള സംസ്ഥാന പെ സംയോജിത സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയി സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപ നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHC മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളി അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും 12.08.2020 പ്രകാരം ആയത് അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്.

കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേന പ്രവർത്തനം 2 ഉണ്ടായില്ല. പിന്നീട് 01.09.2021 ന് 6 അംഗങ്ങളുമായാണ് ഹരിതകർമ്മസേ എല്ലാ വാർഡിലേക്കും ഉള്ള അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടല്ല അംഗങ്ങൾ ഉള്ള ഇവരുടെ പ്രവർത്തനം 19വാർഡുകളിലേക്കും വ്യാപി നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. വീടുകളിൽ നിന്ന് രൂപയും, കടകൾക്ക് 100/- രൂപയും ആണ് ഫീസ് ഈടാക്കി വരുന്നത്. രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. യൂസർ ഫീ കൂടാതെ മാലിന ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം.

2021-22 വർഷത്തിൽ ഹരിത കർമ്മസേനക്ക് VGF ഇനത്തിൽ 38660/- കൂടാതെ റിജക്ടഡ് വേസ്റ്റ് കൊണ്ടു പോവുന്നതിനായി ക്ലീൻകേരള പ്രവർത്തിക്കുന്ന SEUF നും തുക നൽകുന്നുണ്ട്. പഞ്ചായത്തു തലത്ത നിർമ്മാർജ്ജനത്തിനായി നടപ്പിലാക്കിയ പ്രോജക്റ്റുകളുമായി ബന്ധ പരിശോധിച്ചതിൽ സർക്കാർ ഉത്തരവു പ്രകാരം ലക്ഷ്യമിട്ട താ നടക്കുന്നില്ല എന്നു വ്യക്തമായി.

1) ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം കുടുബ കർമ്മസേനയെ കൺസോർഷ്യമായും മൈക്രോസംരംഭ ഗ്രൂപ്പുക പരിധിയിൽ ഹരിത സംരംഭങ്ങൾ രൂപീകരിക്കുന്ന ഒരു സം വാർഡുകളിലേയും വീടുകളുടേയും കടകളുടേയും എണ്ണം അനുസ

ഇത്തരത്തിൽ 3 മുതൽ 5 വരെ വാർഡുകളിൽ നിന്നുള്ള
രൂപീകരിക്കേണ്ടതുമാണ്. ഓരോ സംരംഭക പ്രവർത്തന പരിധിയി
എന്നാൽ ഇത്തരം ഘടനാപരമായ സംവിധാനങ്ങളൊന്നുമില്ലാതെയ
പ്രവർത്തിക്കുന്നത്. ഹരിതകർമ്മ സേനയുടെ പ്രവർത്തന പരി
വീടുകളേയും അജൈവ മാലിന്യസംസ്കരണത്തിൽ പങ്കാ
കൈക്കൊള്ളേണ്ടതാണ്.

2) 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.
നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (
കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന
വിസ്തീർണ്ണമുള്ള എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകക്ക്
വാർഡുകളിൽ സ്ഥിരം സംവിധാനം ഒരുക്കുന്നതിന് നടപടികൾ സ്വീക

3) അത് പോലെ എം.സി.എഫിൽ എത്തിക്കുന്ന അജൈവ മാലിന്യങ്ങ
സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിൽ ഒരു രജിസ്റ്റർ സൂക്ഷ

4) മാലിന്യസംസ്കരണം തുടർച്ചയായി ചെയ്ത് വരേണ്ട പ്രവൃത്തിയു
പെട്ടതുമാണ്. 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2
നിശ്ചിത വലുപ്പത്തിലുള്ള സഞ്ചി/ ചാക്ക് ഗുണഭോക്താക്കൾക്ക്
പ്രോജക്റ്റ് തയ്യാറാക്കി ചാക്ക് /സഞ്ചി വാങ്ങി നൽകാൻ ഭരണസമിതി ന

5) യൂസർഫീ കളക്ഷൻ എല്ലാ കളക്ഷൻ തീയതികളിലും പ്രത്യേകം
അപ്രകാരം ചെയ്തിട്ടില്ല.

6) ഹരിത കർമ്മസേന സംരംഭകർക്ക് കൃത്യമായ യൂസർഫീ ലഭിക്കു
സ്വയം ഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഇതിനായി
സ്ഥാപനവും കൺസോർഷ്യവും ചേർന്ന് ഒരു കരാർ വെക്കേണ്ടതാണ്.

7) മാർഗ്ഗരേഖ 1.6 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തി
വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ വിൽ
മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ
അളവ് തിട്ടപ്പെടുത്തി പല വിഭാഗങ്ങളായി തിരിച്ച് യൂസർ ഫീ ഏർപ്പെ
ഹരിതകർമ്മസേനയെ ഏൽപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങ
മെച്ചപ്പെടുത്തേണ്ടതാണ്.

8)ഹരിത കൺസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക
കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18
വ്യക്തമാക്കിയതാണെങ്കിലും ഇപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച്നൽകിയ ഓഡിറ്റ് എൻക്വ
ഹരിതകർമ്മസേന വിപുലീകരിക്കുന്നതിന് കുടുംബശ്രീ മുഖേന പ്രച
തയ്യാറായതെന്നും പഞ്ചായത്തിന് സ്വന്തമായി സ്ഥലമില്ലാത
രൂപീകരിക്കാത്തതെന്നും അറിയിച്ചു. മറ്റു അപാകതക
ശ്രദ്ധയിൽപെടുത്തുന്നതാണെന്നും അറിയിച്ചു.

അപാകതകൾ പരിഹരിച്ച് മാലിന്യം വരുമാനമാക്കി മാറ്റുന്നതിനുള്ള
വിപുലീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടതാണ്.

## 1-21 പരിരക്ഷ നേഴ്സിന് പ്രതിമാസ ഇൻസെന്റീവ് അ

പ്രോജക്ട് : 105/22 പരിരക്ഷ ഹോം കെയർ പരിപാടി
അടങ്കൽ തുക : 295820/- ( വികസനം- ജനറൽ) + 497200 (തനത് ഫണ്ട്)
ചെലവ് : 286464/- ( വികസനം- ജനറൽ) + 221781 (തനത് ഫണ്ട്)

2021-22 വർഷത്തിൽ മെഡിക്കൽ ഓഫീസർ (CHC) നിർവ്വഹിച്ച ഇ
ഇൻസെന്റീവായി 1000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. സ.ഉ (സാധാ)/I
രൂപ 2022 മാർച്ച് മാസം വരെ അനുവദിക്കുന്നതിന് തുടർച്ചാനുമതി ഉള്ള
ഏപ്രിൽ, മെയ് മാസത്തെ ഹോണറേറിയത്തോടൊപ്പം 1000/- രൂപ നൽക
നൽകിയതായും കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക | വൗച്ചർ / ചെക്ക് നമ്പർ / തിയ്യതി | പരിരക്ഷ നേഴ്സിന് അനുവദിച്ച തുക | |
|---|---|---|---|---|
